# തൊട്ടതെല്ലാം പൊന്നാക്കിയ പ്രതിഭയായിരുന്നു പി ഭാസ്കരൻ: പ്രഭാവർമ്മ

തിരുവനന്തപുരം: തൊട്ടതെല്ലാം പൊന്നാക്കിയ പ്രതിഭാശാലിയായിരുന്ന പി ഭാസ്കരൻ എന്ന് കവിയും ഗാനരചയിതാവുമായ പ്രഭാവർമ്മ അഭിപ്രായപ്പെട്ടു. കേന്ദ്രസാഹിത്യ അക്കാദമി തിരുവനന്തപുരം സർക്കാർ വനിതാ കോളജുമായി ചേർന്ന് സംഘടിപ്പിച്ച രണ്ടു ദിവസത്തെ പി ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.



പി ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാർ പ്രഭാവർമ്മ ഉദ്ഘാടനം ചെയ്യുന്നു

മനുഷ്യമനസിനെ ആഴത്തിൽ തൊട്ടുന്നതായിരുന്നു പി ഭാസ്കരന്റെ കവിതയും ചലച്ചിത്രഗാനവുമെന്നും പ്രഭാവർമ്മ പറഞ്ഞു. കവിയും ഗാനരചയിതാവുമായ കെ ജയകുമാർ മുഖ്യപ്രഭാഷണം നടത്തി.

കോളജ് പ്രിൻസിപ്പൽ ജെ എസ് അനില അധ്യക്ഷയായി. സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗങ്ങളായ ഡോ. സാബു കോട്ടുക്കൽ, ഡോ. ടി കെ സന്തോഷ് കുമാർ, മലയാള വിഭാഗം മേധാവി ഡോ. വി ലാലു, കോളജ് ഐക്യു എസി കോ ഓർഡിനേറ്റർ ഡോ. എസ് കെ ഗോഡ്വിൻ എന്നിവർ സംസാരിച്ചു.